**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2398** **13-09-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കായൽ ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട്ടിൽ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | കുട്ടനാട്ടിൽ നിലവിലുള്ള എല്ലാ ആയുർവേദ ഡിസ്‌പെൻസറികളും അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിലെ സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് പുതിയ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നാഷണൽ ആയുഷ് മിഷനുമായി ചേർന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (സി) | കുട്ടനാട്ടിലെ ആയുർവേദ ഡിസ്‌പെൻസറികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ ഗവ. ആയുർവേദ ഡിസ്പെൻസറികളായ വിയപുരം, വെളിയനാട്, തകഴി എന്നിവ ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്. ഗവ. ആയുർവേദ ഡിസ്പെൻസറി തകഴിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നാഷണൽ ആയുഷ് മിഷൻ 49.40 ലക്ഷം രൂപ അനുവദിക്കുകയും അത് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തലവടി പഞ്ചായത്തിലെ ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യതയും ആവശ്യവും പരിഗണിച്ച് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയുഷ് ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തിയതിന്റെ ഭാഗമായി എല്ലാ വർഷവും 4.57 ലക്ഷം രൂപ വീതം ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ